**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5053** **20-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രിയ്ക്ക് സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് അഞ്ചേക്കർ സ്ഥലം ആവശ്യപ്പെട്ട് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയക്ടർ ജില്ലാ കളക്ടറോട് റിപ്പോർട്ട് തേടിയിരുന്നോ; വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ ആശുപത്രി സ്ഥാപിക്കുന്നതിന് അഞ്ചേക്കർ സ്ഥലം ആവശ്യപ്പെട്ട് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ ജില്ലാ കളക്ടറോട് റിപ്പോർട്ട് തേടിയിരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് എല്ലാ താലൂക്ക് തഹസിൽദാർമാരോടും റിപ്പോർട്ട് തേടി വിവരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയക്ടർക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഇത് സംബന്ധിച്ച് എല്ലാ താലൂക്ക് തഹസിൽദാർമാരോടും റിപ്പോർട്ട് തേടിയിട്ടുള്ളതാണ്. ആയത് പ്രകാരം ഇ.എസ്.ഐ ആശുപത്രി സ്ഥാപിക്കുന്നതിന് അനുയോജ്യമായതും ഉപയോഗിക്കാതെ കിടക്കുന്നതുമായ 5 ഏക്കർ ഭൂമി മലപ്പുറം ജില്ലയിൽ റവന്യൂ വകുപ്പ് കൈവശത്തിലും മറ്റ് വകുപ്പുകളുടെ കൈവശത്തിലും ഇല്ല എന്നുള്ള വിവരം മെഡിക്കൽ സർവീസസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് അനുയോജ്യമായ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും / മറ്റ് വകുപ്പുകളുടെ കൈവശമുള്ളതുമായ ഭൂമി ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (സി) | ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇത് സംബന്ധിച്ച് എല്ലാ താലൂക്ക് തഹസിൽദാർമാരോടും റിപ്പോർട്ട് തേടിയിട്ടുള്ളതാണ്. ആയത് പ്രകാരം ഇ.എസ്.ഐ ആശുപത്രി സ്ഥാപിക്കുന്നതിന് അനുയോജ്യമായതും ഉപയോഗിക്കാതെ കിടക്കുന്നതുമായ 5 ഏക്കർ ഭൂമി മലപ്പുറം ജില്ലയിൽ റവന്യൂ വകുപ്പ് കൈവശത്തിലും മറ്റ് വകുപ്പുകളുടെ കൈവശത്തിലും ഇല്ല എന്നുള്ള വിവരം മെഡിക്കൽ സർവീസസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് അനുയോജ്യമായ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും / മറ്റ് വകുപ്പുകളുടെ |

| | | | |
|---|---|---|---|
| | | | കൈവശമുള്ളതുമായ ഭൂമി ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ